Ashoka University | Centre for Climate Change and Sustainability

**3CS Media Fellowship**

**Climate Journalism from Marginalised Communities**

സമൂഹത്തിലെ  പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ജീവനോപാധി യെയും ജീവിതത്തെയും കാലാവസ്ഥ വ്യതിയാനങ്ങൾ എങ്ങനെ ബാധിക്കുന്നു  എന്നതിനെക്കുറിച്ചും ദുർബലവിഭാഗങ്ങളുടെ ദൈനംദിന ജീവിതത്തെ കാലാവസ്ഥാ വ്യതിയാനങ്ങൾ എങ്ങനെ ബാധിക്കുന്നു എന്നതിനെ കുറിച്ചും കാലാവസ്ഥാവ്യതിയാനങ്ങളെ കുറിച്ച് പൊതു ചർച്ചകളിലേക്ക് നയിക്കുന്നതുമായ മാധ്യമ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് പ്രോത്സാഹിപ്പിക്കുവാൻ മാധ്യമപ്രവർത്തകർക്ക് ഫെലോഷിപ്പുകൾ നൽകുന്നു.

സമൂഹത്തിലെ ദുർബല വിഭാഗങ്ങളിൽ നിന്നുള്ള  മാധ്യമപ്രവർത്തകർക്ക് ആണ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് സഹായകമായി  ഫെലോഷിപ്പുകൾ നൽകുന്നത്. വ്യത്യസ്ത പ്രാദേശിക മേഖലകളിലേക്ക് ഫെലോഷിപ്പുകൾ വ്യാപിപ്പിക്കാൻഉദ്ദേശിക്കുന്നുണ്ടെങ്കിലും തുടക്കത്തിൽ ഇംഗ്ലീഷിലും തെക്കേ ഇന്ത്യയിലെ പ്രാദേശിക ഭാഷകളിലും തയ്യാറാക്കുന്ന റിപ്പോർട്ടുകളാണ് പരിഗണിക്കുക. (കർണാടക, കേരള, തമിഴ്നാട്, ആന്ധ്രപ്രദേശ്, തെലുങ്കാന, പോണ്ടിച്ചേരി, ലക്ഷദ്വീപ്, ആൻഡമാൻ & നിക്കോബാർ )

ഫെലോഷിപ്പ് വിതരണം: - 4 ഫെലോഷിപ്പുകൾ ആണ് നൽകപ്പെടുക.

ആദിവാസി / ദളിത്/ വനിത വിഭാഗത്തിൽ നിന്നുള്ള മാധ്യമപ്രവർത്തകർക്ക് മുൻഗണന ലഭിക്കുന്നതാണ്.

നാല് ലക്ഷം രൂപ ആണ് ഫെലോഷിപ്പ് തുക

താഴെപ്പറയുന്ന പട്ടിക അനുസരിച്ചാണ് തുക വിതരണം ചെയ്യപ്പെടുക

| | |
|---|---|
| ഏപ്രിൽ 1 | Rs 2,00,000 -  തെരഞ്ഞെടുക്കപ്പെട്ടുമ്പോൾ |
| മെയ് 31 | പ്രോഗ്രസ് റിപ്പോർട്ട് സമർപ്പിക്കേണ്ട ദിവസം (ചിലവുകൾ ഉൾപ്പെടെ) |

| | |
|---|---|
| സെപ്റ്റംബർ 1 | Rs 1,00,000 പ്രധാന ആശയം അന്തിമമായി സമർപ്പിക്കുമ്പോൾ |
| നവംബർ 1 | Rs 1,00,000 അവസാന റിപ്പോർട്ടുകളും തർജ്ജമകളും സമർപ്പിക്കുമ്പോൾ |

ഫെലോഷിപ്പ കാലാവധി ഏപ്രിൽ 1- നവംബർ 30 2022

| | |
|---|---|
| റിപ്പോർട്ട് സംബന്ധിച്ച് സമയപരിമിതി ഏപ്രിൽ 1- സെപ്റ്റംബർ 30, 2022 | |
| ഓഗസ്റ്റ് 31 | പ്രധാന ആശയത്തിന്റെ സമർപ്പണം 500 വാക്കുകൾ |
| സെപ്റ്റംബർ 30 | പൂർണമായ റിപ്പോർട്ട് സമർപ്പണം |
| തർജ്ജമയും മൂല്യനിർണയവും ഒക്ടോബർ 1- ഡിസംബർ 31, 2022 | |
| ഒക്ടോബർ 1 - ഒക്ടോബർ 31 | തർജ്ജമ |
| ഒക്ടോബർ 15- നവംബർ 15 | കമ്മിറ്റിയുടെ മൂല്യനിർണയം |
| പ്രസിദ്ധീകരണം- മൂല്യനിർണയ ശേഷം മൂന്ന് മാസത്തിനുള്ളിൽ | |

അപേക്ഷിക്കേണ്ട അവസാന തീയതി :- മാർച്ച് 15 , 2022 വരെ

അപേക്ഷ: - മാധ്യമപ്രവർത്തകർ അപേക്ഷയോടൊപ്പം ഒപ്പം ഒരു പേജ് വരുന്ന പ്രൊപ്പോസൽ ചേർക്കേണ്ടതാണ് . പ്രൊപ്പോസലിൽ താഴെപ്പറയുന്നവ ഉൾപ്പെടുത്തേണ്ടതാണ്

1. കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ച് 5 വാർത്ത ആശയങ്ങൾ. പ്രതികൂലമായി ബാധിക്ക പെട്ടവരും അഭിപ്രായം ശക്തമായി പറയാൻ കഴിയാത്തവരും ആയവരുടെ ഭാഗത്തു നിന്നുള്ള ആശയവിനിമയം . സ്ഥലം തുടങ്ങിയവ ഉൾപ്പെടുത്തേണ്ടതാണ്. പരസ്പരം ബന്ധപ്പെട്ടതോ അല്ലാത്തതോ ആയ ആശയങ്ങൾ ആകാം ഓരോന്നും ആയിരം വാക്കുകൾ ഉൾക്കൊള്ളുന്ന റിപ്പോർട്ടുകൾ ആയി മാറേണ്ടതാണ്. അപേക്ഷകൾ 3cs.mediafellowship@ashoka.edu.in എന്ന മെയിലിലേക്ക് അയക്കേണ്ടതാണ്. “Application for 3CS Media Fellowship” എന്ന വിഷയം രേഖപ്പെടുത്തേണ്ടതാണ്.

2. അപേക്ഷകരുടെ ബയോഡാറ്റയും മുമ്പ് പ്രസിദ്ധീകരിച്ച രണ്ട് റിപ്പോർട്ടുകളുടെ സാമ്പിളും സമർപ്പിക്കണം

3. തിരിച്ചറിയൽ രേഖ

**ആർക്ക് അപേക്ഷിക്കാം: -** ദക്ഷിണ ഇന്ത്യയിലെ (കർണാടക, കേരള, തമിഴ്നാട്, ആന്ധ്രപ്രദേശ്, തെലുങ്കാന, പോണ്ടിച്ചേരി, ലക്ഷദ്വീപ്, ആൻഡമാൻ & നിക്കോബാർ ) പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിൽ നിന്നുള്ള മാധ്യമപ്രവർത്തകർ. ആദിവാസി / ദളിത് വിഭാഗങ്ങളിൽ നിന്നുള്ളവർക്ക് മുൻഗണന. വനിതകൾ അപേക്ഷ നൽകുവാൻ പ്രോത്സാഹിപ്പിക്കപ്പെടുന്നു

മൂല്യനിർണയം :- മാധ്യമ മേഖലയിൽ നിന്നുള്ള രണ്ടു വ്യക്തികളും Centre for Climate Change and Sustainability (3CS) നിന്നുള്ള ഒരംഗവും ചേരുന്ന കമ്മിറ്റി മൂല്യനിർണയം നടത്തുന്നത്.

**തർജ്ജമ:-** തർജ്ജമ ചെയ്യാൻ 3CS സഹായിക്കുന്നതാണ് .

പ്രസിദ്ധീകരണം:- റിപ്പോർട്ടുകൾ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുവാൻ 3CS സഹായിക്കുന്നതാണ്

---

ഫെലോഷിപ്പിനെ കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ മെയിൽ മുഖേന ബന്ധപ്പെടുക
3cs.mediafellowship@ashoka.edu.in